### അച്ചുതണ്ടിന്റെ സമാന്തരത

-പരിക്രമണ വേളയിൽ ഉടനീളം ഭ്രമി അതിന്റെ അച്ചുതണ്ടിന്റെ ചരിവ് നിലനിർത്തുന്നതിനെയാണ് അച്ചുതണ്ടിന്റെ സമാന്തരത എന്ന പറയുന്നത്.

## സൂര്യന്റെ അയനവും ഋതുഭേദങ്ങളും

-സൂര്യന്റെ അയനമാണ് ഭ്രമിയിൽ ഋതുഭേദങ്ങൾക്ക് കാരണമാകുന്നത്.
-സൂര്യന്റെ അയനംമൂലം ഭ്രമിയിൽ സൂര്യപ്രകാശം പതിക്കുന്നതിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നു.
-വർഷത്തിൽ ഒരു പകുതിയിൽ ഉത്തരാർദ്ധഗോളത്തിൽലും മറുപകുതിയിൽ ദക്ഷിണാർദ്ധഗോളത്തിലും ആയിരിക്കും സൂര്യരശ്മികൾ ലംബമായി പതിക്കുന്നത്.
-സൂര്യരശ്മികൾ ലംബമായി പതിക്കുന്ന അർദ്ധഗോളത്തിൽ ചൂട് പൊതുവെ കൂടുതലായിരിക്കും, അവിടെ വേനൽക്കാലവും ആയിരിക്കും.
-സൂര്യരശ്മികൾ ചരിഞ്ഞ് പതിക്കുന്ന അർദ്ധഗോളത്തിൽ ചൂട് കുറവും അവിടെ ശൈത്യവും ആയിരിക്കും.
-എന്നാൽ വർഷം മുഴുവൻ ഉയർന്നതോതിൽ സൂര്യപ്രകാശം ലഭിക്കുന്ന ഉഷ്ണമേഖലാപ്രദേശങ്ങളിൽ ഋതുഭേദങ്ങൾ പ്രകടമായി അനുഭവപെടാറില്ല.
-നാലു ഋതുക്കളും കൃത്യമായി അനുഭവപ്പെടുന്നത് മധ്യ അക്ഷാംശങ്ങളിലാണ് (23 1/2 ഡിഗ്രിക്കും-66 1/2 ഡിഗ്രിക്കും ഇടയിൽ).

GHS TUVUR

### സൂര്യന്റെ ആപേക്ഷിക ചലനവും ഋതുക്കളും

| മാസം | സൂര്യന്റെ ആപേക്ഷിക ചലനം | ഋതു | |
|---|---|---|---|
| | | ഉത്തരാർദ്ധഗോളം | ദക്ഷിണാർദ്ധഗോളം |
| മാർച്ച് 21 മുതൽ ജൂൺ 21 വരെ | ഭൂമധ്യരേഖയിൽ നിന്നും ഉത്തരായനരേഖയിലേക്ക് | വസന്തകാലം | ഹേമന്ത കാ |
| ജൂൺ 21 മുതൽ സെപ്റ്റംബർ 23 വരെ | ഉത്തരായനരേഖയി നിന്നും ഭൂമധ്യരേഖയിലേക്ക് | ഗ്രീഷ്മ കാലം | ശൈത്യകാലം |
| സെപ്റ്റംബർ 23 മുതൽ ഡിസംബർ 22 വരെ | ഭൂമധ്യരേഖയിൽ നിന്നും ദക്ഷിണായനരേഖയിലേക്ക് | ഹേമന്ത കാലം | വസന്തകാലം |
| ഡിസംബർ 22 മുതൽ മാർച്ച് 21 വരെ | ദക്ഷിണായനരേഖയി നിന്നും ഭൂമധ്യരേഖയിലേക്ക് | ശൈത്യകാലം | ഗ്രീഷ്മ കാലം |

### ഗ്രീഷ്മ അയനാന്തം

-മാർച്ച് 21 മുതൽ ഭൂമദ്ധ്യരേഖയിൽ നിന്നും വടക്കോട്ട് അയനം ചെയ്യുന്ന സൂര്യൻ ജൂൺ 21 ഇന്ന് ഉത്തരായന രേഖക്ക് നേർ മുകളിൽ എത്തുന്നു.
-ഈ ദിനത്തെ (ജൂൺ 21 നെ) ഉത്തരാർദ്ധഗോളത്തിൽ ഗ്രീഷ്മ അയനാന്തദിനം എന്ന് വിളിക്കുന്നു.
-ഗ്രീഷ്മ അയനാന്ത ദിനത്തിൽ ഉത്തരാർദ്ധഗോളത്തിൽ ഏറ്റവും ദൈർഘ്യമുള്ള പകലും, ഏറ്റവും ഹ്രസ്വമായ രാത്രിയും അനുഭവപ്പെടുന്നു.

## ജൂൺ 21 ന് ദക്ഷിണാർദ്ധഗോളത്തിൽ രാത്രി പകലുകൾക്കുള്ള പ്രത്യേകത?

-രാത്രിയുടെ ദൈർഘ്യം കൂടുതലും, പകലിന്റെ ദൈർഘ്യം കുറവും ആയിരിക്കും.
**ഡിസംബർ 22 ന് ദക്ഷിണാർധഗോളത്തിലെ രാത്രി പകലുകൾക്ക് എന്ത് പ്രത്യേകതയാണുള്ളത്?**-രാത്രിയുടെ ദൈർഘ്യം കുറവ്, പകലിന് ദൈർഘ്യം കൂടുതൽ.

## വിഷുവങ്ങൾ
-സൂര്യൻ ഭൂമദ്ധ്യരേഖക്ക് നേർമുകളിൽ ആയിരിക്കുമ്പോൾ ഉത്തരാർദ്ധഗോളത്തിലും ദക്ഷിണാർദ്ധ ഗോളത്തിലും തുല്യ അളവിൽ സൂര്യപ്രകാശം ലഭിക്കുന്നു.
-മാർച്ച് 21 സെപ്റ്റംബർ 23 എന്നീ ദിനങ്ങളിലാണ് സൂര്യന്റെ ആപേക്ഷിക സ്ഥാനം ഭൂമദ്ധ്യരേഖയ്ക്ക് നേർമുകളിൽ വരുന്നത്.
-ഈ ദിനങ്ങളിൽ രണ്ട് അർദ്ധ ഗോളങ്ങളിലും രാത്രിയുടെയും പകലിന്റെയും ദൈർഘ്യം തുല്യമായിരിക്കും.
-ഈ ദിവസങ്ങളെ സമരാത്ര ദിനങ്ങൾ അഥവാ വിഷുവങ്ങൾ എന്ന് വിളിക്കുന്നു.

## വസന്തകാലം

-മാർച്ച് 21 മുതൽ ജൂൺ 21 വരെ സൂര്യൻ ഭൂമദ്ധ്യരേഖയിൽ നിന്നും ഉത്തരായനരേഖ യിലേക്ക് യാത്ര ചെയ്യുന്നു.
-ഈ കാലയളവിലാണ് ഉത്തരാർദ്ധഗോളത്തിൽ വസന്തകാലം അനുഭവപ്പെടുന്നത്.
-ശൈത്യകാലത്തിൽ നിന്ന് വേനൽക്കാലത്തിലേക്കുള്ള മാറ്റത്തിന്റെ കാലമാണ് വസന്തം.

## വസന്തകാലത്തിലെ സവിശേഷതകൾ?
-ചെടികൾ തളിർക്കുന്നു, പുഷ്പിക്കുന്നു.
-മാവ് പൂക്കുന്നു, പ്ലാവിൽ ചക്ക ഉണ്ടാവുന്നു.

## ഉത്തരാർദ്ധഗോളത്തിൽ വസന്തകാലം ആയിരിക്കുമ്പോൾ ദക്ഷിണാർദ്ധഗോളത്തിൽ ഏത് കാലമായിരിക്കും?
-ഹേമന്തകാലം.

## ഗ്രീഷ്മകാലം
-ജൂൺ 21 സൂര്യൻ ഉത്തരായനരേഖ യിൽ നിന്ന് തെക്കോട്ട് അയനം ചെയ്ത് സെപ്റ്റംബർ 23 ന് ഭൂമദ്ധ്യരേഖയിലെത്തുന്നു.
-ഈ കാലയളവിലാണ് ഉത്തരാർദ്ധഗോളത്തിൽ വേനൽക്കാലം (ഗ്രീഷ്മകാലം) അനുഭവപ്പെടുന്നത്.

## വേനൽക്കാലത്ത് (ഗ്രീഷ്മകാലം)പരിസ്ഥിതിയിലുണ്ടാവുന്ന മാറ്റങ്ങൾ എന്തെല്ലാം?

BIJU K GHS TUVVUR

-അന്തരീക്ഷ താപം വർദ്ധിക്കുന്നു.
-ജലാശയങ്ങൾ വറ്റുന്നു.
-വരൾച്ച അനുഭവപെടുന്നു.
-ജലക്ഷാമം അനുഭവപ്പെടുന്നു.

**ഹേമന്തകാലം**

-സെപ്റ്റംബർ 23 മുതൽ ഡിസംബർ 22 വരെയാണ് ഉത്തരാർദ്ധഗോളത്തിൽ മേന്ത കാലം.
-സൂര്യൻ ഭൂമധ്യരേഖയിൽ നിന്ന് ദക്ഷിണായനരേഖയിലേക്ക് അയനം ചെയ്യുന്ന കാലമാണിത്.
-വേനൽ കാലത്തിന്റെ തീക്ഷ്ണതയിൽ നിന്ന് ശൈത്യകാലത്തിലേക്കുള്ള മാറ്റത്തിന്റെ കാലമാണ് ഹേമന്തം
-പകലിന്റെ ദൈർഘ്യം കുറഞ്ഞ് വരികയും രാത്രിയുടെ ദൈർഘ്യം കൂടി വരികയും ചെയ്യുന്നു.
-വരാനിരിക്കുന്ന ശൈത്യകാലത്തെ അതിജീവിക്കാൻ മരങ്ങൾ ഇലപൊഴിക്കുന്നു.

**ശൈത്യകാലം**

-സൂര്യൻ ദക്ഷിണായനരേഖയിൽ നിന്നും ഭൂമധ്യരേഖയിലേക്ക് സഞ്ചരിക്കുന്ന കാലത്തിലാണ് ഉത്തരാർദ്ധഗോളത്തിൽ ശൈത്യകാലം.
-ഡിസംബർ 22 മുതൽ മാർച്ച് 21 വരെയാണ് ഉത്തരാർദ്ധഗോളത്തിൽ ശൈത്യകാലം.
**സവിശേഷതകൾ** -തണുപ്പ് വർദ്ധിക്കുന്നു. -മഞ്ഞ് വീഴ്ച്ചയുണ്ടാവുന്നു.

**ശൈത്യ അയനാന്തം**

-സെപ്റ്റംബർ 23 മുതൽ സൂര്യൻ ഭൂമധ്യരേഖയിൽ നിന്ന് തെക്കോട്ട് അയനം ചെയ്ത് ഡിസംബർ 22 ന് ദക്ഷിണായന രേഖക്ക് നേർമുകളിൽ എത്തുന്നു.
-ഈ ദിവസത്തെ (സെപ്റ്റംബർ 23 നെ) ഉത്തരാർദ്ധഗോളത്തിൽ ശൈത്യ അയനാന്ത ദിനം എന്ന് വിളിക്കുന്നു.
-ഈ ദിവസത്തിൽ ഉത്തരാർദ്ധഗോളത്തിൽ ഏറ്റവും ഹ്രസ്വമായ പകലും, ഏറ്റവും ദൈർഘ്യമുള്ള രാത്രിയും അനുഭവപ്പെടുന്നു.

**ഡിസംബർ 22 ന് (ശൈത്യ അയനാന്തം)ദക്ഷിണാർധഗോളത്തിലെ രാത്രി പകലുകൾക്ക് എന്ത് പ്രത്യേകതയാണുള്ളത്?**

രാത്രിയുടെ ദൈർഘ്യം കുറവ്,
പകലിന് ദൈർഘ്യം കൂടുതൽ.

## ഭൂമിയുടെ ഭ്രമണവും സമയനിർണയവും.

- ഭൂമി സ്വന്തം അച്ചുതണ്ട് ആധാരമാക്കി ഭ്രമണം ചെയ്യുന്നതിന്റെ ഫലമായാണ് രാത്രിയും പകലും ഉണ്ടാകുന്നത്.
- ഭൂമി ഭ്രമണം ചെയ്യുന്നത് പടിഞ്ഞാറുനിന്ന് കിഴക്കോട്ട് ആണ്.
- ഒരു ഭ്രമണം പൂർത്തിയാക്കാൻ 24 മണിക്കൂർ എടുക്കുന്നു.
- ഭ്രമണം പടിഞ്ഞാറു നിന്നു കിഴക്കോട്ട് ആയതിനാൽ സൂര്യോദയം കിഴക്കുനിന്ന് ആയിരിക്കും.

BIJU K GHS TUVUR

